## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 329. 09.03.2015 ൽ മറുപടിയ്ക്ക്.

## വാഹനങ്ങളിലെ ഹോൺ ദുരുപയോഗം

| ചോദ്യം<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വാഹനങ്ങളിലെ ഹോൺ ദുരുപയോഗം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; അനുവദനീയ ഡെസിബലിൽ കൂടിയ ഹോണുകൾ ഫിറ്റ് ചെയ്ത് നിരന്തരം മുഴക്കി ശല്യമുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് അപകടങ്ങൾക്കും വഴിയാത്രക്കാർക്ക് ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാവുന്നുണ്ടെന്ന കാര്യം പരിഗണിക്കുമോ; | (ബി) | പരിഗണിക്കുന്നുണ്ട്. |
| (സി) | നഗരങ്ങളിൽ വേഗപരിധിയും, ഗതാഗത നിയന്ത്രണത്തിന് സിഗ്നൽ സംവിധാനവും, കാര്യക്ഷമമായ ട്രാഫിക് നിയന്ത്രണ സംവിധാനവും നില നിൽക്കുന്ന സാഹചര്യത്തിൽ നഗര പരിധികളിൽ ഹോൺ നിരോധിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | വാഹനങ്ങളിലെ ഹോൺ നിരോധിക്കുന്നതിനുള്ള അധികാരം 1988 ലെ മോട്ടോർ വാഹന നിയമം അനുസരിച്ച് കേന്ദ്ര സർക്കാരിൽ മാത്രം നിക്ഷിപ്തമാണ്. ആയതിനാൽ നഗരാതിർത്തിക്കുള്ളിൽ ഹോൺ നിരോധിക്കുന്നതിന് മോട്ടോർ വാഹന വകുപ്പിനോ,സംസ്ഥാന സർക്കാരിനോ കഴിയുകയില്ല . എന്നിരുന്നാലും എയർ ഹോണിന്റെ ഉപയോഗം തടയുന്നതിന് കർശനനടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.